**2024-2025 വർഷത്തെ സ്കോളർഷിപ്പിനുള്ള മാർഗനിർദേശങ്ങൾ.**

1.തൊഴിലാളികൾ സജീവ അംഗത്വം ഉള്ളവരും, അംശദായ കുടിശ്ശിക ഇല്ലാത്തവരും ആയിരിക്കണം.

2.കുട്ടികൾ പൊതു പ്രവേശന പരീക്ഷയിലൂടെ സർക്കാർ/സ്വകാര്യ/പ്രൊഫഷണൽ കോളേജുകളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരായിരിക്കണം.

3.പ്രൊഫഷണൽ കോഴ്സുകളായ എഞ്ചിനിയറിംഗ്, എം.ബി.ബി.എസ്, ബി.എസ്.സി. അഗ്രിക്കൾച്ചർ, വെറ്റിനറി സയൻസ്, ബി.എ.എം.എസ്. ബി.എച്ച്.എം.എസ്. എന്നിവയിൽ ബിരുദത്തിന് 2025-ൽ അഡ്മ ിഷൻ നേടിയവരായിരിക്കണം.

4.ദേശീയ തലത്തിലുള്ള പൊതു പ്രവേശന പരീക്ഷകളിലൂടെ മേൽപ്പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ കരസ്ഥമാക്കിയവർക്കും നൽകുന്നതാണ്.

5.സംവരണ വിഭാഗ ക്വാട്ടയിലോ മെരിറ്റ് അടിസ്ഥാനത്തിലോ യോഗ്യത നേടിയവർ.

6.അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിച്ചിരിക്കേണ്ടതാണ്. പൂർണ്ണ മേൽവിലാസം പിൻകോഡും ഫോൺ നമ്പരും സഹിതം രേഖപ്പെടുത്തേണ്ടതാണ്.

7.നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്ന കോഴ്സിൻ്റെ യോഗ്യത പരീക്ഷയുടെ മാർക്കിനെ അടിസ്ഥാനമാക്കിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

8.അബ്കാരി തൊഴിലാളി ക്ഷേമനിധി അംഗത്വകാർഡിൻ്റെ പകർപ്പ്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിൻ്റെ പകർപ്പ്, വിദ്യാർത്ഥി/വിദ്യാർത്ഥിനി-യും അംഗവുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് (രക്ഷകർത്താവിൻ്റെ പേര് രേഖപ്പെടുത്തിയ സ്കൂൾ സർട്ടിഫിക്കറ്റ്/ബന്ധപ്പെട്ട രേഖയുടെ പകർപ്പ്) എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ 2 പകർപ്പുകൾ വീതം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

9.പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെൻ്റിന്റെ പകർപ്പ്

ഹാജരാക്കേണ്ടതാണ്. (ലാപ്ടോപ്പിന് പരിഗണിക്കുന്നതിനായി). അലോട്ട്മെന്റിന്റെ പകർപ്പ് ഹാജരാക്കത്തവരെ ലാപ്ടോപ്പ് വിതരണത്തിന് പരിഗണിക്കുന്നതല്ല.

**10.**അപേക്ഷ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൻ്റെ മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. (ഒപ്പും സീലും സഹിതം)

**11.**മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, കോഴ്സുകൾ കേരള ഗവൺമെൻ്റ് അംഗീകൃതമാണെന്ന് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**12.**തൊഴിലാളികൾക്ക് അംശദായ കുടിശ്ശികയിണ്ടെങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**13.**അപേക്ഷയിൽ തൊഴിലുടമ/തൊഴിലുടമ പ്രതിനിധി സാക്ഷ്യപ്പെടുത്തേണ്ടതാണ്. (ഒപ്പും സീലും സഹിതം)

**14.**അപേക്ഷകൾ ബന്ധപ്പെട്ട മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

**15.**നിലവിൽ തുടർ വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളാണ് പരിഗണിക്കുന്നത്. ആയതിനാൽ കോഴ്സ് പൂർത്തിയാക്കിയവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

**16.**ഒരു കോഴ്സ് കാലയളവിൽ ഒരു തവണ മാത്രമേ സ്കോളർഷിപ്പിന് പരിഗണിക്കുകയുള്ളൂ. ആയതിനാൽ ഒരു കോഴ്സ് കാലയളവിൽ ഒരു തവണ സ്കോളർഷിപ്പ് കൈപറ്റിയവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**17.**അവസാന തീയതിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകളോ, അപൂർണ്ണമായ അപേക്ഷകളോ, ചീഫ് ഓഫീസിൽ നേരിട്ടു സമർപ്പിക്കുന്ന അപേക്ഷകളോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലാ വെൽഫെയർ ഫണ്ട് ഓഫീസുമായി ബന്ധപ്പെടുക.

തിരുവനന്തപുരം :- **0471-2460667**

എറണാകുളം :- **0484-2368531**

കോഴിക്കോട് :- **0495-2768094**

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **03/02/2026**

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ**(i/c)**

Signed by
Anish K Thampan
Date: 24-01-2026 16:50:07